This Question Paper consists of 10 questions and 11 printed pages
ഈ ചോദ്യ പേപ്പറിൽ 10 ചോദ്യങ്ങളും 11 അച്ചടിച്ച പുറങ്ങളും ഉണ്ട്.

Roll No.
റോൾ നമ്പർ. | | | | | | | | | | | | |

Code No. / കോഡ് നമ്പർ **67/S/A/MM**

SET **A**

# MALAYALAM
# മലയാളം
## (232)

Day and Date of Examination ____________________
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ____________________
(മേൽനോട്ടക്കാരന്റെ ഒപ്പ്) 2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നൽകിയിരിക്കുന്ന ആൻസർ ബുക്കിൽ നൽകണം.
2. ഈ ചോദ്യ പേപ്പർ വായിക്കുന്നതിന് **15** മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. ഉച്ചയ്ക്ക് **02.15** ന് ചോദ്യ പേപ്പർ നൽകും. **02.15** മുതൽ **02.30** വരെ വിദ്യാർത്ഥികൾ ചോദ്യപേപ്പർ വായിക്കുക മാത്രം ചെയ്യുക. ഈ സമയം ആൻസർ ബുക്കിൽ ഒരു ഉത്തരവും എഴുതാൻ പാടുള്ളതല്ല.
3. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
4. ആദ്യ പേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
5. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
6. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
7. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
8. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **67/S/A/MM-A** എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

# മലയാളം

# (232)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

1. **ഏതെങ്കിലും 20** ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്ക് വീതം. **20x1=20**

**1.1.** കാല്യം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

(A) കാലം (B) ജീവിതം

(C) പ്രഭാതം (D) ബാല്യം

**1.2.** വളർത്തു മൃഗമായി എം.ടി. വാസുദേവൻ നായർ കല്പിച്ചിരിക്കുന്നത് ആരെയാണ് ?

(A) സർക്കസ് കലാകാരന്മാരെ

(B) സർക്കസ് ആസ്വാദകരെ

(C) സർക്കസിലെ മൃഗങ്ങളെ

(D) പൊതുജനങ്ങളെ

**1.3.** നദികൾ സമുദ്രത്തിൽ ചേർന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നുമുണ്ടോ എന്ന ചോദ്യത്തിലൂടെ നാരായണഗുരു ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത് എന്ത് ?

(A) എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നു തന്നെ

(B) മതങ്ങൾ വ്യത്യസ്ത ധർമ്മം പുലർത്തുന്നവയാണ്

(C) ബുദ്ധന്റെ നിർവാണ മാർഗത്തെക്കുറിച്ച്

(D) അഖിലരും ആത്മസുഖത്തിനായി പ്രയത്നിക്കണമെന്ന്

**1.4.** പ്രൗഢൻ എന്ന് കുഞ്ചൻ നമ്പ്യാർ വിശേഷിപ്പിക്കുന്നത് ആരെ ?

(A) ബാലിയെ (B) രാവണനെ

(C) നാരദനെ (D) ദശകന്ധരനെ



Unnati Educations
9899436384, 9654279279

**1.5.** നാരായണഗുരുസ്വാമിയുടെ ജീവിതത്തിലെ ഏറ്റവും ഉജ്ജ്വലമായ ഘട്ടം എന്ന് പൊതുവിൽ പറയാറുള്ളത് ഏത് കാലത്തെയാണ് ?

(A) സ്വാതന്ത്ര്യ പ്രാപ്തിക്ക് തൊട്ടുമുമ്പുള്ള കാലം

(B) 1903 മുതലുള്ള കാലം

(C) 1923 ന് ശേഷമുള്ള കാലം

(D) 1918 ന് ശേഷമുള്ള കാലം

**1.6.** സാമൂഹിക പരിഷ്കരണം ലക്ഷ്യമാക്കി വി.ടി. ഭട്ടതിരിപ്പാടിന്റെ നാടകകൃതി ഏത് ?

(A) കണ്ണീരും കിനാവും

(B) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

(C) ഇനി നമുക്ക് അമ്പലങ്ങൾക്ക് തീകൊളുത്തുക

(D) പോംവഴി

**1.7.** സമപ്രായക്കാരോട് വി.ടി. ഭട്ടതിരിപ്പാടിന് അസൂയ തോന്നിയ സന്ദർഭം ഏത് ?

(A) ഔപാസനം, ഗണപതിഹോമം, പൂജ മുതലായ വൈദിക ക്രിയകളിൽ ഏർപ്പെട്ടപ്പോൾ

(B) പഠനത്തിൽ മികവു കാട്ടാനാകാതായപ്പോൾ

(C) പണ്ടങ്ങളണിഞ്ഞ് ദാസിമാരുടെ അകമ്പടിയോടെ അമ്പലത്തിൽ തൊഴാൻ വരുന്നത് കണ്ടപ്പോൾ

(D) വെള്ളുക്കാൻ തേച്ചത് പാണ്ടായപ്പോൾ

**1.8.** നെയ്പ്പായസം എന്ന ചെറുകഥയിലെ മുഖ്യ കഥാപാത്രത്തെ അച്ഛൻ എന്നു മാത്രം വിളിച്ചാൽ മതിയെന്ന് കഥാകൃത്ത് തീരുമാനിച്ചത് എന്തുകൊണ്ട് ?

(A) അവരുടെ പേര് വെളിപ്പെടുത്തുന്നത് ആക്ഷേപങ്ങൾക്ക് ഇടവരുത്തുമെന്നതിനാൽ

(B) അവർ സാങ്കല്പിക കഥാപാത്രങ്ങളായതിനാൽ

(C) സ്വന്തം ജീവിതകഥ ആയതിനാൽ

(D) ആ പട്ടണത്തിൽ അയാളുടെ വില അറിയുന്ന കുട്ടികൾ അങ്ങനെ വിളിക്കുന്നതുകൊണ്ട്.



Unnati Educations
9899436384, 9654279279

1.9. മരണത്തിന്റെ സ്പർശം തട്ടിയ ഭക്ഷണ സാധനങ്ങൾ ! – ഏത് ഭക്ഷണ സാധനത്തെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത് ?

(A) ഭാര്യ എന്നും തയാറാക്കി വന്നിരുന്ന ഭക്ഷണത്തെക്കുറിച്ച്

(B) അടുക്കളയിൽ തിണ്ണമേൽ ഭാര്യ തയാറാക്കി അടച്ചു വച്ചിരുന്നതായി കാണപ്പെട്ടവയെ

(C) വി.ടി. യുടെ അമ്മ നൽകിയിരുന്ന ഭക്ഷണം

(D) അച്ഛൻ കഴിച്ച് ബാക്കിവച്ച ഭക്ഷണം

1.10. ഗോപികമാർ ഓലക്കമാണ്ടവൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?

(A) കോകിലത്തെ

(B) ഗോകുലനായകനെ

(C) പിച്ചകത്തെ

(D) കൈതയെ

1.11. വാരിയകത്തൂട്ടിയേറെ

എന്നിട്ടതാട്ടിയിരുന്നിതൊട്ടേറെ

എന്നിട്ടതാടിനടന്നിതൊട്ടേറെ – ഏത് വിദ്വാനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(A) കുഞ്ചൻ നമ്പ്യാരെ

(B) ഉണ്ണായി വാരിയരെ

(C) കുഞ്ഞുണ്ണിയെ

(D) അകത്തൂട്ടു വാരിയരെ

1.12. ഹാസ്യരസപ്രധാനമായ ദൃശ്യകല ഏത് ?

(A) ദാസിയാട്ടം

(B) രാമനാട്ടം

(C) കൃഷ്ണനാട്ടം

(D) ഓട്ടൻതുള്ളൽ

1.13. രാത്രിയിൽ മാത്രം നടത്താവുന്ന ദൃശ്യകലയായി കെ.പി. നാരായണ പിഷാരടി ചൂണ്ടിക്കാട്ടുന്ന കലാരൂപം ഏത് ?

(A) കൈകൊട്ടിക്കളി

(B) പുലിക്കളി

(C) കഥകളി

(D) പരിചമുട്ടുകളി

1.14. കുമ്പിട്ടു നിൽക്കുന്നതായി ഗോപികമാർക്ക് തോന്നിയത് ആരെ കണ്ടപ്പോഴാണ് ?

(A) അത്തിയെ

(B) കോകിലത്തെ

(C) നന്ദസുതനെ

(D) കുന്ദത്തിനെ



Unnati Educations
9899436384, 9654279279

**1.15.** ശരി സ്വാമി, നിങ്ങളുടെ കൂടെ ഇന്നു വൈകുന്നേരം ഞാൻ വരാം. നിങ്ങളെ പരിഹസിക്കുന്ന ആളെ എനിക്ക് കാട്ടിത്തരണം. – ഇങ്ങനെ പറഞ്ഞത് ആര് ?

(A) കച്ചട്ടി സ്വാമി

(B) മജിസ്രേട്ട്

(C) ഡിസ്ട്രിക്ട് ബോർഡിന്റെ ചെയർമാൻ

(D) മുനിസിപ്പാലിറ്റി കമ്മീഷണർ

**1.16.** ഈ കാലോക്കെ പോവും കയ്യിൽ കാശില്ലാണ്ടായാൽ വയസ്സുകാലത്ത് ആരുണ്ടാവും തൊണ ? – ഇങ്ങനെ ചോദിച്ചത് ആര് ?

(A) ലക്ഷ്മി

(B) ജാനമ്മ

(C) മാനേജർ

(D) ചന്ദ്രൻ

**1.17.** പരബ്രഹ്മയ്യർക്ക് വലിയ വ്യസനം ഉണ്ടാകാനുള്ള കാരണമായി സഞ്ജയൻ പറയുന്നത് എന്ത് ?

(A) ആറു മാസം കുതിരവട്ടത്ത് കഴിയാൻ നിയോഗിക്കപ്പെട്ടത്

(B) നാട്ടുകാരുടെ പരിഹാസം

(C) ഒരു കുസൃതിക്കാരൻ മജിസ്രേട്ടിന് സലാം കൊടുത്തതിനിടയിൽ ആംഗ്യം കാണിച്ചത്

(D) പാലം പൊളിഞ്ഞ് കച്ചട്ടികൾ തോട്ടിൽ വീണ് പൊട്ടിയത്

**1.18.** ചന്ദനം പോലെ അരഞ്ഞും അകിൽ പോലെ പുകഞ്ഞും അന്യർക്ക് സുഗന്ധമാകുന്നത് ആര് ?

(A) പെണ്ണുങ്ങൾ

(B) വരേണ്യമാം നീതി

(C) മഹാ മംഗലശക്തി

(D) ക്ഷിതിഗർഭം

**1.19.** ദുഃഖങ്ങൾ കുടിച്ചു വറ്റിച്ച് മഹാമംഗലശക്തിയെ തോറ്റിയുണർത്താൻ പെണ്ണുങ്ങൾക്ക് തുണയാകുന്നത് എന്ത് ?

(A) വന്യമാം നീതി

(B) കവിയുടെ വാക്കുകൾ

(C) രാജന്യമാം നീതി

(D) അരയുന്ന ചന്ദനവും പുകയുന്ന അകിലും



Unnati Educations
9899436384, 9654279279

**1.20.** ചിത്രയോഗത്തിന്റെ രചയിതാവും കഥകളിയുടെ സമുദ്ധാരകനുമായ കവി ആര് ?

(A) വള്ളത്തോൾ (B) ഉണ്ണായി വാരിയർ

(C) കുഞ്ചൻ നമ്പ്യാർ (D) കുമാരനാശാൻ

**1.21.** മർത്യമാനസങ്ങളെ ഭ്രാന്തു പിടിപ്പിച്ച് ജീവിതത്തിൽ ദുരിതങ്ങൾ സൃഷ്ടിക്കുന്ന മതാന്ധത തീണ്ടാതിരിക്കാനുള്ള സംരക്ഷണമായി ശ്രീനാരായണഗുരു നിർദ്ദേശിക്കുന്നത് എന്ത് ?

(A) സർവമത സമ്മേളനം (B) ഏകലോക വീക്ഷണം

(C) ലഹരിയിൽ നിന്നുള്ള മുക്തി (D) ഏകമത വീക്ഷണം

**1.22.** ആരെയാണ് ഹീനൻ എന്ന് കെ.പി. കേശവമേനോൻ വിശേഷിപ്പിക്കുന്നത് ?

(A) മാതാവിനോട് നന്ദികേട് കാണിക്കുന്ന മനുഷ്യനെ

(B) ഭാര്യമാരുടെ ന്യായമായ ആവശ്യങ്ങൾക്ക് പണം കൊടുക്കാത്ത ഭർത്താക്കന്മാരെ

(C) കിട്ടുന്നതെല്ലാം ധൂർത്തടിക്കുന്ന സ്വാർത്ഥികളെ

(D) ഭർത്താക്കന്മാരുടെ വരവറിയാതെ പണത്തിനു ശല്യപ്പെടുത്തുന്ന ഭാര്യമാരെ

**1.23.** പഠാണിയെയും തമിഴനെയും ബന്ധിപ്പിക്കാവുന്ന പൊതുതന്തുവായി ജവഹർലാൽ നെഹ്റു കാണുന്നത് എന്ത് ?

(A) വംശപാരമ്പര്യം (B) ഭാഷ

(C) ആകൃതി (D) ഭക്ഷണ രീതി

**1.24.** തുള്ളൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച കവി ആര് ?

(A) എഴുത്തച്ഛൻ (B) വള്ളത്തോൾ

(C) കുഞ്ചൻ നമ്പ്യാർ (D) സുഗതകുമാരി

**1.25.** മിഥ്യാവലയിതസത്യോപമരുചി എന്ന് കവി വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെ ?

(A) ഈറൻ തുകിലിനെ

(B) കാവ്യനർത്തകിയുടെ ഗാത്രത്തെ

(C) നായികയുടെ കുറുനിരകളെ

(D) നർത്തകിയുടെ കുളിർനിടിലത്തെ

**1.26.** എപ്പോഴാണ് കവി മധുരസ്വപ്നശതാവലി പൂത്ത മായാലോകത്ത് എത്തിയത് ?

(A) സത്വഗുണശ്രീ കളിയാടിയപ്പോൾ

(B) പനിനീർപ്പൂ ചൂടിയ ചികുരം കണ്ടപ്പോൾ

(C) സഖിയെക്കുറിച്ച് ഓർത്തപ്പോൾ

(D) സ്വയം മറന്ന് എഴുതാൻ ഉഴറിയപ്പോൾ



Unnati Educations
9899436384, 9654279279

**1.27.** ബാലിയിലെ മഴയെ എസ്. കെ. പൊറ്റക്കാട് ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

(A) കേരളത്തിലെ മഴയോട്

(B) ബാലിപ്പെണ്ണിന്റെ മനസ്സിനോട്

(C) ഗ്യാമലിൻ വാദ്യത്തിന്റെ സംഗീതത്തോട്

(D) ചന്തയിലെ ശബ്ദകോലാഹലത്തോട്

**1.28.** രാജാക്കന്മാർ ഉരഗങ്ങളെപ്പോലെ നടുങ്ങാൻ കാരണമെന്ത് ?

(A) ഇടിവെട്ടുകേട്ട്

(B) രാഘവന്റെ മന്ദഹാസം കണ്ട്

(C) വിൽമുറിഞ്ഞ ഒച്ച കേട്ട്

(D) ചന്ദ്രശേഖരന്റെ പള്ളിവില്ല് കണ്ട്

**1.29.** കിളിപ്പാട്ട് പ്രസ്ഥാനത്തെ വളർത്തിയ കവി ആര് ?

(A) കുഞ്ചൻ നമ്പ്യാർ (B) എഴുത്തച്ഛൻ

(C) രാമപുരത്ത് വാരിയർ (D) പൂന്താനം

**1.30.** കാളിമകാളും നഭസ്സെയുമ്മവയ്ക്കും വെൺമനോജ്ഞമാളിക – മാളികയുടെ എന്തു സവിശേഷതയാണ് ഈ വർണനയിൽ തെളിയുന്നത് ?

(A) ഉയരവും ശോഭയും

(B) സമ്പൽസമൃദ്ധിയും ആൾബലവും

(C) കാളിമയും ഭീകരതയും

(D) വിസ്മയവും വർണപ്പൊലിമയും

**2.** **ഏതെങ്കിലും** 5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം. **5x1=5**

**2.1.** സത്യത്തിന് ഒരു ദിവസം കാക്കുവാനുള്ള ക്ഷമയുണ്ടാവട്ടെ. – ഏത് സത്യത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

**2.2.** എം.ആർ. നായർ ഏത് തൂലികാനാമത്തിലാണ് അറിയപ്പെടുന്നത് ?

**2.3.** ശ്രീനാരായണഗുരുവിന്റെ ശിഷ്യനും സമുദായോദ്ധാരകനുമായ മലയാള കവി ആര് ?

**2.4.** നാല് ഗ്രാമങ്ങൾ കൂടിച്ചേർന്ന ബാലിയിലെ ദേശത്തിന് പറയുന്ന പേര് എന്ത് ?

**2.5.** സ്വഭാവ രൂപവൽക്കരണത്തിന് അസ്ഥിവാരമിടുന്നത് എപ്പോഴാണ് ?

**2.6.** ഞാനിന്ന് കച്ചട്ടിസ്വാമിയാരുടെ കഥ പറയാൻ പോകുന്നു. അവരോട് എന്തു കഥയും പറയാം. ആരോട് ?

**2.7.** അവളോട് അകാരണമായ ഒരു ദേഷ്യം. അവൾ ഇങ്ങനെ താക്കീതുകളൊന്നും കൂടാതെ, എല്ലാ ചുമതലകളും എന്റെ തലയിൽ വച്ചുകൊണ്ട്, പോയല്ലോ. – നെയ്പ്പായസത്തിലെ അച്ഛൻ എന്തിനെ കുറിച്ചാണ് സൂചിപ്പിക്കുന്നത് ?



Unnati Educations
9899436384, 9654279279

3. വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക. **ഏതെങ്കിലും** 5 എണ്ണം. ഓരോ മാർക്ക് വീതം. **5x1=5**

3.1. മാനേജരുടെ __________ നീട്ടിയ ആ കടലാസു തുണ്ടുകളെ തുറിച്ചു നോക്കിക്കൊണ്ട് ജാനമ്മ ഒരു ശിലാ പ്രതിമ പോലെ നിന്നു.
(ദയാബുദ്ധി, സൗമനസ്യം, പക, മന്ദഹാസം)

3.2. എല്ലാത്തരം വാദ്യങ്ങൾക്കും പൊതുവിലുള്ള പേരാണ് __________ എന്നത്.
(പാട്ട്, കൊട്ട്, താളം, സുന്ദരകല)

3.3. തുടുതുടെയൊരു ചെറുകവിത വിടർന്നൂ
__________ മമ ഹൃത്തിൽ.
(മഞ്ജിമ വിടരും, ചുറ്റുപിണഞ്ഞൊരു, ചോര തുളുമ്പിയ, തുഷ്ടിതുടിക്കും)

3.4. മനസ്സിനെ ലഹരി പിടിപ്പിക്കുന്ന മനോഭാവങ്ങളിൽ നിന്നുള്ള മോചനത്തെയും ഇത് സൂചിപ്പിക്കുന്നു. ആ മനോഭാവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് __________ തന്നെ.
(ഏകമതം, കള്ളുണ്ടാക്കൽ, ജാതിചിന്ത, മതാന്ധത)

3.5. കൂടക്കൂടവേ മുനിയോടു കടാക്ഷിക്കയും
__________ പേടിച്ചിങ്ങൊഴിക്കയും.
(ഓടിച്ചെന്നടുക്കയും, ലാംഗുലം പിടക്കയും, ചതിവു പിണകയും, തിങ്ങിന രസംപൂണ്ട്)

3.6. പഠാണിയും __________ അങ്ങേയറ്റത്തും ഇങ്ങേയറ്റത്തുമുള്ള രണ്ടുദാഹരണങ്ങളാണ്.
(മഹാരാഷ്ട്രരും, ബംഗാളിയും, ഗുജറാത്തിയും, തമിഴനും)

3.7. പണത്തേക്കാൾ കുടുംബജീവിതത്തെ കെടുത്തുന്നത് __________.
(വീടാണ്, കോപമാണ്, സമ്പത്താണ്, വാത്സല്യമാണ്)

3.8. എല്ലാമാ, മാകുന്നതു ചെയ്താലും മടിക്കേണ്ട
__________ വന്നു കൂടീടുമല്ലോ.
(കല്യാണമിതുമൂലം, മന്ദഹാസവും, തേജസ്സു, വേഗത്തോടെ)

4. താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ **ഏതെങ്കിലും** 5 എണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക. ഒരു മാർക്ക് വീതം. **5x1=5**

4.1. കാല്യം പോലെ മനോഹരമായ ബാല്യമാണ് വി.ടി. ഭട്ടതിരിപ്പാടിന് ഉണ്ടായിരുന്നത്.

4.2. പൊന്നെന്നു പറയുന്നത് മണ്ണിന്റെ കട്ടച്ച ചോരയാണ്.

4.3. രാമചന്ദ്രന്റെ പള്ളിവിൽ കണ്ട് ചന്ദ്രശേഖരൻ വന്ദിച്ചു.

4.4. ബാലിയിലെ ക്ഷേത്രങ്ങൾക്കരികിൽ ആൽമരം ഉണ്ടായിരിക്കും.

4.5. കോകിലങ്ങൾ ഗോകുലനാഥനിൽ നിന്ന് നൃത്തം ചെയ്യാൻ പഠിച്ചു.

4.6. അമൃത് അമൃതായി തോന്നുന്നത് അമ്മ പകർന്നു തരുമ്പോഴാണ്.

4.7. തന്റെ കൈത്തണ്ടയിൽ രാഖിച്ചരട് ബന്ധിച്ച് മിണ്ടാതെ നിന്നവളോട് കവി ആരു നീ എന്ന് ചോദിച്ചു.



Unnati Educations
9899436384, 9654279279

5. ചേരുംപടി ചേർക്കുക. **ഏതെങ്കിലും** 5 എണ്ണം. ഒരു മാർക്ക് വീതം. 5x1=5

| | | |
|---|---|---|
| 5.1. ഒ.എൻ.വി. കുറുപ്പ് | – | കുഞ്ഞുണ്ണി |
| 5.2. കുറ്റിപ്പെൻസിൽ | – | കുഞ്ചൻ നമ്പ്യാർ |
| 5.3. എഴുത്തച്ഛൻ | – | ഭൂമിക്കൊരു ചരമഗീതം |
| 5.4. നാം മുന്നോട്ട് | – | മഞ്ഞ് |
| 5.5. നൈൽ ഡയറി | – | കെ.പി. കേശവമേനോൻ |
| 5.6. എം.ടി. വാസുദേവൻ നായർ | – | ഏകത്വം |
| 5.7. നാനാത്വം | – | അധ്യാത്മ രാമായണം കിളിപ്പാട്ട് |
| 5.8. ശ്രീകൃഷ്ണ ചരിതം മണിപ്രവാളം | – | എസ്.കെ. പൊറ്റെക്കാട് |

6. **ഏതെങ്കിലും** 5 എണ്ണത്തിന് പകരം പദം എഴുതുക. ഒരു മാർക്ക് വീതം. 5x1=5

6.1. മകുടം

6.2. സുഭഗമേളനം

6.3. പ്രഥമം

6.4. വാണിഭം

6.5. ഒളി

6.6. മൂർധാവ്

6.7. കോകം

7. ചേർത്തെഴുതുക. **ഏതെങ്കിലും** 5 എണ്ണം. ഒരു മാർക്ക് വീതം. 5x1=5

7.1. തങ്ക + പങ്കജം

7.2. ഒര് + അവസ്ഥ

7.3. അങ്ങേ + അറ്റം

7.4. ചെം + ചുണ്ട്

7.5. നെയ് + പായസം

7.6. കനക + കതിർ

7.7. സൂക്ഷ്മ + അന്വേഷണം

7.8. നെൽ + മണി



Unnati Educations
9899436384, 9654279279

8. **ഏതെങ്കിലും** 10 ചോദ്യങ്ങൾക്ക് 20-25 വാക്കുകളിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. **10x2=20**

**8.1.** വാസവദത്തയുടെ രാജ്ഞിക്ക് തുല്യമായ പ്രൗഢി വെളിപ്പെടുത്തിയിരിക്കുന്നത് എങ്ങനെ ?

**8.2.** കുടുംബത്തിൽ നിന്ന് നാം എന്തെല്ലാമാണ് അറിയുന്നത് ?

**8.3.** കഥാനായകന്റെ ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് നെയ്പ്പായസം എന്ന കഥയിൽ കാണുന്നത് ?

**8.4.** മാതാവിന്റെ മഹത്വം കെ.പി. കേശവമേനോൻ സൂചിപ്പിക്കുന്നത് എങ്ങനെ ?

**8.5.** ഉത്സവാഘോഷങ്ങൾക്കിടയിൽ മഴ പെയ്തപ്പോൾ ഉണ്ടായ എന്തെല്ലാം സംഭവ വികാസങ്ങളാണ് പൊറ്റെക്കാട് വിവരിക്കുന്നത് ?

**8.6.** മനസ്വിനിയിലെ പ്രഭാത വർണനയിൽ തെളിയുന്ന പ്രകൃതിദൃശ്യങ്ങൾ എന്തെല്ലാം ?

**8.7.** മദ്യം വിഷമാണ് എന്ന സന്ദേശത്തിലൂടെ ശ്രീനാരായണഗുരു വെളിപ്പെടുത്താൻ ശ്രമിക്കുന്ന ആശയം എന്ത് ?

**8.8.** ജവഹർലാൽ നെഹ്റു ഇന്ത്യയുടെ നാനാത്വം വെളിപ്പെടുത്തുന്നത് എങ്ങനെ ?

**8.9.** ജാനമ്മയെ സർക്കസ് കമ്പനിയിൽ നിന്ന് മാനേജർ ഒഴിവാക്കിയത് എങ്ങനെ ?

**8.10.** ഏണങ്ങളോട് ഗോപികമാർ പറഞ്ഞത് എന്തെല്ലാം ?

**8.11.** പരബ്രഹ്മയ്യർക്ക് മജിസ്ട്രേട്ട് വിധിച്ച ശിക്ഷ എന്ത് ?

**8.12.** പെണ്ണുകാണാൻ പോകുമ്പോൾ കണ്ണുമാത്രം പോര, കണ്ണാടികൂടെ കൊണ്ടുപോകണമെന്ന് പറയുന്നതിന്റെ പൊരുൾ എന്ത് ?

**8.13.** രാമചന്ദ്രൻ ശൈവചാപം ഖണ്ഡിച്ചപ്പോൾ ഉണ്ടായ സംഭവങ്ങൾ എന്തെല്ലാം ?

**8.14.** മാതൃഭാഷയോട് പുലർത്തേണ്ട പ്രതിപത്തിയെ കുറിച്ച് കവി പറയുന്നത് എന്തെല്ലാം ?

**8.15.** പെങ്ങൾ എന്ന കവിതയിൽ ദുരന്തങ്ങളിൽ പതിച്ച പെൺകുട്ടികൾക്ക് കവി തുണയാകുന്നത് എങ്ങനെ ?



Unnati Educations
9899436384, 9654279279

9. **ഏതെങ്കിലും** 5 ചോദ്യങ്ങൾക്ക് 40-45 വാക്കിൽ ഉത്തരമെഴുതുക. 3 മാർക്ക് വീതം. **5x3=15**

**9.1.** മാതൃഭാഷയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വള്ളത്തോൾ നൽകുന്ന സൂചനകൾ എന്തെല്ലാം ?

**9.2.** സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന എന്തെല്ലാം വെല്ലുവിളികളാണ് പെങ്ങൾ എന്ന കവിതയിൽ ആവിഷ്കരിച്ചിട്ടുള്ളത് ?

**9.3.** നെയ്പ്പായസം എന്ന കഥയിലെ കുട്ടികൾ അമ്മയുടെ മരണത്തോട് എങ്ങനെയാണ് പ്രതികരിച്ചത് ?

**9.4.** കേരളീയ കലകളിൽ തുള്ളലിന്റെ സ്ഥാനവും സവിശേഷതകളും എന്തെല്ലാം ?

**9.5.** വി.ടി. ഭട്ടതിരിപ്പാടിന്റെ ബാല്യകാലം എപ്രകാരമുള്ളതായിരുന്നു ?

**9.6.** ബാലിയിലെ ഉത്സവക്കാഴ്ചകൾ വിവരിക്കുക.

**9.7.** രാവണന്റെ മൂഢത്വം കുഞ്ചൻനമ്പ്യാർ വെളിപ്പെടുത്തുന്നത് എങ്ങനെ ?

**9.8.** മനസ്വിനിയിൽ ചങ്ങമ്പുഴ അവതരിപ്പിക്കുന്ന കാവ്യസങ്കല്പം എന്ത് ?

10. താഴെ പറയുന്ന ചോദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക. 5 മാർക്ക് വീതം. **3x5=15**

**10.1.** എ. ബാലിയിലെ ഗ്രാമജീവിതത്തിന്റെ തുടിപ്പാർന്ന ചിത്രം പൊറ്റെക്കാട് അവതരിപ്പിക്കുന്നത് എങ്ങനെ ?

**അല്ലെങ്കിൽ**

ബി. മലയാളഭാഷയെ ശക്തിപ്പെടുത്തുന്നതിനുള്ള കൂട്ടായ യത്നം ആവശ്യമാണെന്ന് ബോധ്യപ്പെടുത്താൻ എന്റെ ഭാഷ എന്ന കവിതയിലൂടെ വള്ളത്തോളിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട് ?

**10.2.** എ. സീതാസ്വയംവരം എന്ന കാവ്യഭാഗത്ത് എഴുത്തച്ഛന്റെ വർണനാപാടവം എങ്ങനെ പ്രകടമാവുന്നു ?

**അല്ലെങ്കിൽ**

ബി. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ കേരളത്തിന്റെ നവോത്ഥാനത്തെ എങ്ങനെയാണ് സ്വാധീനിച്ചത് ? പാഠഭാഗത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

**10.3.** എ. കുടുംബജീവിതം അർത്ഥവത്താക്കാൻ കെ.പി. കേശവമേനോൻ നൽകുന്ന സൂചനകൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

ബി. സർക്കസ് കലാകാരികളുടെ ജീവിത ദുരിതങ്ങൾ വളർത്തു മൃഗങ്ങൾ എന്ന കഥയിൽ എം.ടി. വാസുദേവൻ നായർ അവതരിപ്പിച്ചിരിക്കുന്നത് വിലയിരുത്തുക.

- o 0 o -



Unnati Educations
9899436384, 9654279279